Draft #3 of File 11927/2019/AcAIV/3/B.Sc Nursing-NOC/MGU Approved by ASSISTANT REGISTRAR II (ACADEMIC) on 24-Jul-2019 03:39 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബി.എസ്‌സി നഴ്സിംഗ് കോഴ്സ്-സർവകലാശാലയുടെ മുൻ വിദ്യാർത്ഥിനികൾക്ക് കേരള ആരോഗ്യ സർവകലാശാലയുടെ കീഴിൽ തുടർപഠനത്തിനായി NOC നൽകുന്നത് സംബന്ധിച്ച്:-

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 3506/AC A 4/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.07.2019

---

പരാമർശം:-(1) 11/04/2019 ൽ കുമാരി.ആരതി മനോജ് തുടർപഠനത്തിന് അനുവാദം തേടിക്കൊണ്ട് സമർപ്പിച്ച അപേക്ഷ.

(2) 02/04/2019 ൽ കുമാരി.അലീന ജെ അഞ്ചേരിൽ എൻ .ഓ. സി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ.

**ഉത്തരവ്**

സർവകലാശാല നേരിട്ട് നടത്തിയിരുന്നതും ഇപ്പോൾ സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള CPAS ന്റെ അധീനതയിൽ പ്രവർത്തിക്കുന്നതുമായ ഐ.എൻ.ഇ കളിൽ യഥാക്രമം 2012, 2014 വർഷങ്ങളിൽ ബി.എസ്‌സി നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടി രണ്ടുവർഷക്കാല പഠനം പൂർത്തിയാക്കുകയും, പിന്നീട് പഠനം മുടങ്ങുകയും ചെയ്ത കുമാരി.അലീന ജെ അഞ്ചേരിൽ ,കുമാരി. ആരതി മനോജ് എന്നീ രണ്ടു വിദ്യാർത്ഥിനികൾ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് -ന്റെ കീഴിൽ തുടർപഠനം നടത്തുന്നതിന് എൻ .ഓ.സി. ലഭിക്കുന്നതിനായി സർവകലാശാലയിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

മെഡിക്കൽ അനുബന്ധ കോഴ്സുകൾ സർവകലാശാലയിൽ നിന്നും പൂർണമായും ഡി-ലിങ്ക് ചെയ്യപ്പെട്ടതിനാൽ ടി വിദ്യാർത്ഥിനികൾ തുടർപഠനം നടത്തേണ്ടത് ഇപ്പോൾ ടി കോഴ്സ് നടത്തുന്ന കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് - ന്റെ കീഴിലാണ്. സർവകലാശാലയിൽ പഠനം പൂർത്തീകരിച്ച വർഷങ്ങളിലെ എല്ലാ വിഷയങ്ങളും വിജയിക്കാതെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്-ന്റെ കീഴിൽ പഠനം തുടരേണ്ട വിദ്യാർത്ഥിനിക്കുകൂടി എൻ. ഓ .സി നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനങ്ങൾക്കായി വിഷയം അക്കാദമിക് കൗൺസിലിന് മുൻപാകെ സമർപ്പിച്ചിരുന്നു.

എന്നാൽ വിഷയത്തിന്റെ അടിയന്തിരസ്വഭാവം പരിഗണിച്ച് ബഹു.വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 ,10 (17 )വകുപ്പ് പ്രകാരമുള്ള അധികാരമുപയോഗിച്ച് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ സ്കീം&സിലബസിൽ ടി വിദ്യാർഥിനികൾ ഇനിയും വിജയിക്കേണ്ടുന്ന വിഷയങ്ങളുടെ സപ്ലിമെന്ററി പരീക്ഷകൾ ഉൾപ്പെടെയുള്ള കോഴ്സ് പൂർത്തീകരിക്കേണ്ടതാണ് എന്ന ഉപാധിയോടെ എൻ. ഓ. സി നൽകുവാൻ 23 .7 .2019 ൽ ഉത്തരവായിട്ടുണ്ട് .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ പി.എസ്
2 .പ്രൊ വൈസ് ചാൻസിലറുടെ പി.എസ്
3 .രജിസ്ട്രാറുടെ പി.എ
4 .പരീക്ഷാകൺട്രോളറുടെ പി.എ
5 .ജെ.ആർ /ഡി .ആർ /എ .ആർ (പരീക്ഷ/അക്കാഡമിക് )
6 .ഇ.ഐ XXVIII സെക്ഷൻ
7 .കണ്ടെന്റ് മാനേജ്മന്റ്
8 .റെക്കോർഡ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 11927/2019/AcAIV/3/B.Sc Nursing-NOC/MGU Approved by ASSISTANT REGISTRAR II (ACADEMIC) on 24-Jul-2019 03:39 PM - Page 2